# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 ഒക്ടോബർ 30

# വാർത്താക്കുറിപ്പ്

## അപേക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.എ./ എം.എസ് സി./ എം.കോം./ എം.സി.ജെ./ എം.എസ്.ഡബ്ല്യു./ എം.ടി.എ./ എം.എച്ച്.എം./ എം.എം.എച്ച്., എം.ടി.ടി.എം. (സി.എസ്.എസ്. - 2020 അഡ്മിഷൻ - റഗുലർ/ 2019, 2018, 2017 അഡ്മിഷൻ - സപ്ലിമെന്ററി/ 2016, 2015, 2014 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ നവംബർ രണ്ടുമുതൽ അഞ്ചുവരെയും 525 രൂപ പിഴയോടെ നവംബർ ആറ്,ഏഴ് തീയതികളിലും 1050 രൂപ സൂപ്പർഫൈനോടെ നവംബർ എട്ടിനും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ college.mug.ac.in എന്ന പോർട്ടലിലെ 'പ്രിൻസിപ്പൽ പാനൽ' എന്ന ലിങ്കിലൂടെയും സപ്ലിമെന്ററി വിദ്യാർഥികൾ epay.mgu.ac.in എന്ന പോർട്ടലിലൂടെയും ഫീസടയ്ക്കണം. ആദ്യ മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ 5250 രൂപയും രണ്ടാം മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ 7350 രൂപയും മൂന്നാം മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ 10500 രൂപയും സ്പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. എം.എസ് സി. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 8 (പരീക്ഷ) നും എം.എ./ എം.കോം വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 9 (പരീക്ഷ)നും എം.എസ് സി./ എം.സി.ജെ. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 12 (പരീക്ഷ)നും എം.എസ്.ഡബ്ല്യു./ എം.ടി.എ. ആന്റ് എം.ടി.ടി.എം. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 22 (പരീക്ഷ)നും അപേക്ഷ സമർപ്പിക്കണം. പരീക്ഷ തീയതി പിന്നീട് അറിയിക്കും. വിശദവിവരങ്ങൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1228/2021)

നാലാം സെമസ്റ്റർ എം.എ./ എം.എസ് സി./ എം.കോം./ എം.സി.ജെ./ എം.എസ്.ഡബ്ല്യു./ എം.എച്ച്.എം./ എം.എം.എച്ച്./ എം.ടി.എ. ആന്റ് എം.ടി.ടി.എം. (സി.എസ്.എസ്. - 2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി/ 2015, 2014, 2013, 2012 അഡ്മിഷൻ - മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ നവംബർ 15 മുതൽ 17 വരെയും 525 രൂപ പിഴയോടെ നവംബർ 18 മുതൽ 19 വരെയും 1050 രൂപ സൂപ്പർഫൈനോടെ നവംബർ 20 മുതൽ 22 വരെയും അപേക്ഷിക്കാം. വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ വീതം (സെമസ്റ്ററിന് പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. ആദ്യ മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ (2015 അഡ്മിഷൻ) 5250 രൂപയും രണ്ടാം മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ (2014 അഡ്മിഷൻ) 7350 രൂപയും മൂന്നാം മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ (2013 അഡ്മിഷൻ) 10500 രൂപയും സ്പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. 2017, 2018 അഡ്മിഷൻ  വിദ്യാർഥികൾ പരീക്ഷ രജിസ്ട്രേഷൻ പോർട്ടൽ വഴിയാണ് അപേക്ഷിക്കേണ്ടത്. 2017ന് മുമ്പ് അഡ്മിഷൻ നേടിയ വിദ്യാർഥികൾ സർവകലാശാല ഓഫീസിൽ അപേക്ഷ നേരിട്ട് അപേക്ഷിക്കണം. www.epay.mgu.ac.in എന്ന പോർട്ടൽ വഴി ഓൺലൈനായാണ് ഫീസടയ്ക്കേണ്ടത്. നവംബർ 15 മുതൽ പോർട്ടൽ തുറക്കുന്നതാണ്. 2017ന് മുമ്പുള്ള എം.എസ് സി. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 8 (പരീക്ഷ)നും എം.എ./ എം.എസ് സി. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 9 (പരീക്ഷ)നും എം.എസ്.ഡബ്ല്യു./ എം.എച്ച്.എം./ എം.എം.എച്ച്./ എം.ടി.എ. ആന്റ് എം.ടി.ടി.എം. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 22 (പരീക്ഷ)നും എം.സി.ജെ. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ 12 (പരീക്ഷ)നും അപേക്ഷ സമർപ്പിക്കണം. പരീക്ഷ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ/39/1229/2021)

## സ്പോട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക്സ് വകുപ്പിൽ എം.എസ് സി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് ബാച്ചിലേക്ക് (2021 അഡ്മിഷൻ) ജനറൽ വിഭാഗത്തിൽ മൂന്നും ഈഴവ, മുസ്ലിം, ഇ.ഡബ്ല്യു.എസ്., എച്ച്.ഒ.ബി.സി. വിഭാഗങ്ങളിൽ ഓരോ സീറ്റും ഒഴിവുണ്ട്. അർഹരായ വിദ്യാർഥികൾ അസൽ യോഗ്യത രേഖകളുമായി നവംബർ മൂന്നിന് ഉച്ചയ്ക്ക് 12ന് എഡി. എ11 സെക്ഷനിൽ നേരിട്ട് എത്തണം. ഈഴവ, മുസ്ലിം, ഇ.ഡബ്ല്യു.എസ്., എച്ച്.ഒ.ബി.സി. വിഭാഗങ്ങളിലുള്ള വിദ്യാർഥികൾ നിശ്ചിതസമയത്ത് ഹാജരാകാത്തപക്ഷം പ്രസ്തുത സീറ്റുകളിലേക്ക് ജനറൽ വിഭാഗം വിദ്യാർഥികളെ നവംബർ അഞ്ചിന് രാവിലെ 11ന് പരിഗണിക്കും. യോഗ്യത സംബന്ധിച്ച വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് റോബോട്ടിക്സ് വകുപ്പിൽ എം.എസ് സി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ് ബാച്ചിൽ (2021 അഡ്മിഷൻ) എസ്.സി., എസ്.ടി. വിഭാഗത്തിൽ ഓരോ സീറ്റൊഴിവുണ്ട്. അർഹരായ വിദ്യാർഥികൾ അസൽ യോഗ്യത രേഖകളുമായി നവംബർ മൂന്നിന് വൈകീട്ട് 3.30ന് മുമ്പായി എഡി. എ11 സെക്ഷനിൽ നേരിട്ട് എത്തണം. വിശദവിവരത്തിന് ഫോൺ: 9446459644.

(പി.ആർ.ഒ/39/1231/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (എം.ടി.ടി.എം.) പ്രോഗ്രാമിൽ 2021-22 അധ്യയന വർഷം എസ്.സി., എസ്.ടി., ഈഴവ വിഭാഗങ്ങളിൽ ഓരോ സീറ്റൊഴിവുണ്ട്. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി നവംബർ രണ്ടിന് രാവിലെ 11ന് പഠനവകുപ്പിൽ എത്തണം. ഈഴവ വിഭാഗത്തിലുള്ളവരുടെ അഭാവത്തിൽ ജനറൽ വിഭാഗത്തിലുള്ളവരെയും എസ്.സി./ എസ്.ടി. വിഭാഗത്തിലുള്ളവരുടെ അഭാവത്തിൽ ഒ.ഇ.സി. വിഭാഗക്കാരെയും അവരുടെ അഭാവത്തിൽ എസ്.ഇ.ബി.സി. വിഭാഗക്കാരെയും അവരുടെയും അഭാവത്തിൽ ജനറൽ വിഭാഗക്കാരെയും പരിഗണിക്കും. വിശദവിവരത്തിന് ഫോൺ: 0481-2732922, 9847700527.

(പി.ആർ.ഒ/39/1232/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഒക്ടോബർ 30

# വാർത്താക്കുറിപ്പ് - 2

## വിദ്യാഭ്യാസം : സർക്കാർ ലക്ഷ്യമിടുന്നത് സമഗ്ര മാറ്റമെന്ന് മന്ത്രി ഡോ. ആർ. ബിന്ദു

അക്കാദമിക - ബൗദ്ധീക തലങ്ങളിലും തൊഴിൽ മേഖലയിലും വലിയൊരു കുതിച്ചു ചാട്ടത്തിന് വഴിയൊരുക്കുന്ന സമഗ്ര മാറ്റങ്ങളാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്നതെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാല കാമ്പസിൽ നിന്നുള്ള പൂർവ്വ വിദ്യാർത്ഥികളുടെ ആഗോള സമ്മേളനം ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഭരണ സംവിധാനത്തെ, പ്രത്യേകിച്ച് ' ആരോഗ്യ - വിദ്യാഭ്യാസ മേഖലകളെ പരിഷ്ക്കരിച്ചും ജനോന്മുഖമാക്കിയും സാമൂഹ്യ പുരോഗതിയുടെ കാര്യത്തിൽ ഏറെ മുന്നേറ്റം നടത്തി ലോക ശ്രദ്ധ പിടിച്ചുപറ്റിയ 'കേരള മാതൃക' യുടെ രണ്ടാം ഘട്ടത്തിലേക്ക് സംസ്ഥാനത്തെ നയിക്കുന്ന വിധത്തിലുള്ള പരിഷക്കാരങ്ങളാണ് ഉണ്ടാകേണ്ടത്.

പരമ്പരാഗത പഠന രീതികളെ മറികടന്ന് വിവിധ പഠനശാഖകളിൽ നിന്ന് പുറത്തു വരുന്ന ഏറ്റവും പുതിയ അറിവുകൾ വളർന്നു വരുന്ന തലമുറകളിലേക്ക് കൈമാറി പുതിയ ലോകത്തിൻ്റെ വെല്ലുവിളികൾ നേരിടാൻ അവരെ പ്രാപ്തരാക്കുന്ന പുത്തൻ സങ്കേതങ്ങൾക്കാണ് സർവ്വകലാശാലകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും രൂപം നൽകേണ്ടത്. തൊഴിലന്വേഷകരെ സൃഷ്ടിക്കുന്ന രീതി മാറി പ്രഫഷണലുകളെയും തൊഴിൽ ദാതാക്കളെയും വാർത്തെടുക്കുന്ന വിധത്തിൽ ഉന്നത വിദ്യാഭ്യസ രംഗത്തെ പുനർ നിർമ്മിക്കുന്നതിന് വിദ്യാർത്ഥികളും അധ്യാപകരുമെല്ലാം ഉൾപ്പെടുന്ന അക്കാദമിക സമൂഹത്തോടൊപ്പം എല്ലാ മേഖലയിൽ നിന്നുള്ള വിദഗ്ധരും ഉണ്ടാകണം. കേരളത്തിൽ നിന്ന് ഉന്നത വിദ്യാഭ്യാസം നേടി ലോകത്തിൻ്റെ വിവിധ ഭാഗങ്ങളിൽ ഉയർന്ന നിലയിൽ പ്രവർത്തിക്കുന്ന പൂർവ്വ വിദ്യാർത്ഥി സമൂഹത്തിൻ്റെ ഇത്തരത്തിലുള്ള സംഭാവനകളെ സർക്കാർ ഏറെ പ്രതീക്ഷയോടെയാണ് കാണുന്നതെന്നും മന്ത്രി പറഞ്ഞു. മറ്റ് പല കാര്യങ്ങളിലുമെന്നതു പോലെ മഹാത്മാഗാന്ധി സർവ്വകലാശാല ഇക്കാര്യത്തിലുമെടുത്തിട്ടുള്ള നേതൃപരമായ പങ്ക് അഭിനന്ദനാർഹമാണെന്നും അവർ പറഞ്ഞു.

അക്കാദമിക - ഗവേഷണ മേഖലകളിലെ ഉന്നമനത്തിന് പൂർവ്വ വിദ്യാർത്ഥികളുടെ ബൗദ്ധീകവും - അനുഭവപരവുമായ വൈദഗ്ധ്യം പ്രയോജനപ്പെടുത്താൻ ഉതകുന്ന വിധത്തിലുള്ള ഒരു നെറ്റ് വർക്ക് സംവിധാനം വികസിപ്പിച്ചെടുക്കാനുള്ള പരിശ്രമങ്ങളുടെ തുടക്കമായാണ് സർവ്വകലാശാല ഇത്തരത്തിച്ചുള്ള കൂടിച്ചേരലുകളെ കാണുന്നതെന്ന് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച വൈസ് -ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു.

തോമസ് ചാഴികാടൻ എം.പി. വിശിഷ്ടാതിഥിയായിരുന്നു. പ്രോ - വൈസ് - ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗം ഡോ. എ. ജോസ്, രജിസ്ട്രാർ പ്രൊഫ. പ്രകാശ് കുമാർ ബി, ശാന്തി സ്വരൂപ് ഭട്നാഗർ അവാർഡ് ജേതാവ് സുബി ജേക്കബ് ജോർജ്, പൂർവ്വ വിദ്യാർത്ഥികളായ പ്രൊഫ. ജിൻ ജോസ്, ഡോ. രഹനാ രവീന്ദ്രൻ, സമ്മേളത്തിൻ്റെ ജനറൽ കൺവീനറും സർവ്വകലാശാലാ മാനേജ്മെൻ്റ് സയൻസസിലെ ഡീനുമായ പ്രൊഫ ജോണി ജോൺസൻ തുടങ്ങിയവരും സംസാരിച്ചു. ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നുമുള്ള നിരവധി പൂർവ്വ വിദ്യാർത്ഥികൾ സമ്മേളനത്തിൽ പങ്കെടുത്തു.

(പി.ആർ.ഒ/39/1233/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ